# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 21

# വാർത്താക്കുറിപ്പ്

---

**പുതുക്കിയ പരീക്ഷ തീയതി**

ജനവരി 22ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.എസ്.ഡബ്ല്യു. യു.ജി. സി.ബി.സി.എസ്. ഡിസംബർ 2018 കോർ കോഴ്സ് - ഇൻട്രൊഡക്ഷൻ ടു സോഷ്യൽ വർക്ക് പരീക്ഷ ജനവരി 24നും ജനവരി 24ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. ജനവരി 2019 പരീക്ഷ ഫെബ്രുവരി അഞ്ചിനും നടത്താൻ പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതി, സമയം, പരീക്ഷാകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/93/2019)

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ഡി.ഡി.എം.സി.എ. ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജനവരി 24 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/94/2019)

**അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം സി.എസ്.എസ്. പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. മൂവാറ്റുപുഴ നിർമല കോളേജിലെ സിബി മോഹനൻ, കുറവിലങ്ങാട് ദേവമാതാ കോളേജിലെ അഞ്ജന സി. നായർ, പാലാ സെന്റ് തോമസ് കോളേജിലെ ആരതി വി. നായർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ./39/95/2019)

2015 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. പാലാ സെന്റ് തോമസ് കോളേജിലെ ആൻ മേരി ചെറിയാൻ, ആലുവ യു.സി. കോളേജിലെ തസ്നി നവാസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനവും എറണാകുളം മഹാരാജാസ് കോളേജിലെ വീണ ജയൻ, പാലാ സെന്റ് തോമസ് കോളേജിലെ ജോമോൾ തോമസ് എന്നിവർ മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ./39/96/2019)

**പരീക്ഷഫലം**

2018 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/97/2019)

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷൽ (വേദാന്ത, ന്യായ - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/98/2019)

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷൽ (ന്യായ, വേദാന്ത - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/99/2019)

2017 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മലയാളം, നോൺ സി.എസ്.എസ്. (പ്രൈവറ്റ്), റീ അഡ്മിഷൻ, നോൺ സി.എസ്.എസ്. റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/100/2019)

2017 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. മലയാളം നോൺ സി.എസ്.എസ്. (പ്രൈവറ്റ്), റീഅഡ്മിഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/101/2019)

2018 മെയിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. പഞ്ചവത്സരം - 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി നാലു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/102/2019)

2017 നവംബറിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ് - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) നോൺ സി.എസ്.എസ്. മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/103/2019)

## റിസർച്ച് ഫെല്ലോ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി പഠന വകുപ്പിൽ കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ സഹായത്തോടെ നടത്തുന്ന മൂന്നു വർഷത്തേക്കുള്ള ഗവേഷണ പ്രോജെക്ടിലേക്കു റിസർച്ച് ഫെല്ലോ, റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ഓരോ ഒഴിവുണ്ട്. റിസർച്ച് ഫെല്ലോയ്ക്ക് മാസം 22000 രൂപയും റിസർച്ച് അസിസ്റ്റന്റിന് മാസം 19000 രൂപയുമാണ് പ്രതിഫലം. എം.എസ്‌സി. കെമിസ്ട്രിയിൽ ഒന്നാം ക്ലാസ് ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ ഫെബ്രുവരി നാലിന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ ബയോഡാറ്റയുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/104/2019)

## ട്രിപ് സിനിമ ഗാന പ്രകാശനം നാളെ (ബുധൻ)

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസിന്റെ ബാനറിൽ ഫീച്ചർ ചിത്രമായ ട്രിപ്പിലെ ഗാനങ്ങളുടെ പ്രകാശനം ജനുവരി 23 ബുധനാഴ്ച രാവിലെ 11ന് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. ഇന്ത്യൻ യുവത്വത്തിന്റെ കഥ പറയുന്ന ട്രിപ്പിലെ സംഗീത സംവിധായകൻ ജാസി ഗിഫ്റ്റിന്റെ രണ്ടാം വരവെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഗാനങ്ങൾ കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ പുറത്തിറക്കും. സിനിമ നിർമാതാവ് ലാൽ ജോസ് ഫസ്റ്റ് ലുക്ക് പോസ്റ്ററും ആദ്യ ചലച്ചിത്രമായ സമക്ഷത്തിന്റെ കാമ്പസ് റിലീസ് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. സാബു തോമസും നിർവഹിക്കും.

സമകാലീന ഇന്ത്യൻ യുവാക്കളുടെ മനോവ്യാപാരങ്ങളെ ചിത്രീകരിക്കുന്ന ട്രിപ്പിലെ അർത്ഥസമ്പുഷ്ടമായ നാലു ഗാനങ്ങൾക്ക് കെ. ജയകുമാർ, റഫീക്ക് അഹമ്മദ്, ഒ.വി. ഉഷ, അൻവർ അബ്ദുള്ള എന്നിവരാണ് വരികളെഴുതിയിരിക്കുന്നത്. ജാസി ഗിഫ്റ്റ്, വൈക്കം വിജയലക്ഷ്മി, നജീം അർഷാദ്, പ്രീത എന്നിവരാണ് ഗാനാലാപനം നടത്തിയിരിക്കുന്നത്.

ചടങ്ങിൽ സിനിമാ മേഖലയിലെ പ്രശസ്തരെ കൂടാതെ എം.ജി. സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എം.എസ്. മുരളി, ഡോ.കെ.എൻ. കൃഷ്ണകുമാർ, എം.ജി. യൂണിവേഴ്സിറ്റി ചെയർമാൻ നിഖിൽ എസ്. നായർ തുടങ്ങിയവർ സംബന്ധിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ജി. ശ്രീകുമാർ (ട്രിപ്പ് പി.ആർ.ഒ.) 9847412145

(പി.ആർ.ഒ./39/105/2019)

**<u>പി.എസ്.സി. പരിശീലനം; സീറ്റൊഴിവ്</u>**

മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ ജനുവരി 24ന് ആരംഭിക്കുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, വി.ഇ.ഒ. പി.എസ്.സി. മത്സര പരീക്ഷ പരിശീലനത്തിന് ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/106/2019)

**പി.കെ. സജീവ്**

ഡെപ്യൂട്ടി രജിസ്ട്രാർ &

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)